"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ത.സ്വ.ഭ.വ - തദ്ദേശ ദിനാഘോഷം-2024-നായി പന്തൽ നിർമ്മാണവും ലൈറ്റ് & സൗണ്ട്സും നടത്തുന്ന പ്രവൃത്തി സർക്കാർ അംഗീകൃത സ്ഥാപനമായ C-Dit മുഖാന്തിരം നടത്തുന്ന നടപടി സാധൂകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.590/2024/LSGD തീയതി, തിരുവനന്തപുരം, 13-03-2024

---

പരാമർശം:- 1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 16.02.2024-ലെ എൽ.എസ്.ജി.ഡി/പി.ഡി/31881/2023-ജി.ഇ.ബി.4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2024 ഫെബ്രുവരി 15 മുതൽ 19 വരെ കൊല്ലം ജില്ലയിലെ കൊട്ടാരക്കരയിൽ വച്ചു നടന്ന തദ്ദേശ ദിനാഘോഷം-2024 ന്റെ ഭാഗമായി പന്തൽ, സ്റ്റാൾ എന്നിവയുടെ നിർമ്മാണം, ലൈറ്റ് & സൗണ്ട്സ് എന്നിവക്കായി സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും PMC യായി ലിമിറ്റഡ് ടെണ്ടർ ക്ഷണിച്ചിരുന്നെങ്കിലും ആരും ടെണ്ടർ ലഭ്യമാക്കിയിരുന്നില്ലായെന്നും ടെണ്ടർ വിളിച്ച് പ്രവൃത്തി നൽകാൻ മതിയായ സമയം ലഭ്യമല്ലാത്ത സാഹചര്യമാണുണ്ടായിരുന്നതെന്നതിനാൽ ടി പ്രവൃത്തി ചെയ്യുന്നതിന് മുൻ വർഷത്തെ തദ്ദേശദിനാഘോഷത്തിനായി പന്തൽ, സ്റ്റാൾ എന്നിവയുടെ നിർമ്മാണം, ലൈറ്റ് & സൗണ്ട്സ് എന്നിവ ചെയ്ത സർക്കാർ അംഗീകൃത സ്ഥാപനമായ C-Dit മുഖാന്തിരം പന്തൽ നിർമ്മാണം നടത്തുന്ന പ്രവൃത്തി സാധൂകരിച്ച് നൽകണമെന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (1) കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ ദിനാഘോഷം-2024-നായി പന്തൽ നിർമ്മാണവും ലൈറ്റ് & സൗണ്ട്സും നടത്തുന്ന പ്രവൃത്തി സർക്കാർ അംഗീകൃത സ്ഥാപനമായ C-Dit മുഖാന്തിരം നടത്തുന്ന നടപടി സാധൂകരിച്ചു നൽകിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ മുഹമ്മദ് വൈ സഫിറുള്ള**

**സ്പെഷ്യൽ സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് കോപ്പി. (ഇ.എം.3/37/2023-ത.സ്വ.ഭ.വ )

ഉത്തരവിൻ പ്രകാരം

Signed by
Vijayakumar.d
Date: 13-03-2024 14:48:03
സെക്ഷൻ ഓഫീസർ